**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** — **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ജോലിക്ക് പ്രത്യേക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർജോലി ലഭിക്കുന്നതിനായി എന്തൊക്കെ പ്രത്യേക പരിശീലന പദ്ധതികളാണ് നടത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉദ്യോഗലബ്ധിക്കായുള്ള വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവടങ്ങളിലായി നാല്പ പ്രീ എക്സാസാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപന്റോടു കൂടി പരിശീലനം നൽകി വരുന്നു. സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനം വഴി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ സെന്ററുകൾ വഴി സിവിൽ സർവീസ് പരിശീലനം നേടുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 30 പേർക്ക് ഇന്ത്യയിലെ മികച്ച സിവിൽ സർവീസ് പരീശീലന കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽ സർവീസ് പരീക്ഷക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി 2022-23ൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായുള്ള നിയോജക മണ്ഡലങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ | (ബി) | വെർച്ചൽ പി.ഇ.റ്റി.സി.കൾ മണ്ഡലാടിസ്ഥാനത്തിൽ ആരംഭിക്കുന്ന കാര്യം |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുമായി പ്രസ്തുത മണ്ഡലങ്ങളിൽ സ്ഥിരമായ ഒരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ? | | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ